LIBRARY ARCHIVES Kerala Legislative Assembly

ജലസുരക്ഷാ പദ്ധതി

139 (2419) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല സുരക്ഷാ പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്; പ്രസ്തുതപദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോ; ഈ സർവ്വേ നടത്തുന്നതിനുള്ള ചുമതല കുടുംബശ്രീയെ ഏല്പിച്ചിട്ടുണ്ടോ; പ്രസ്തുത സർവ്വേ മുഖാന്തിരമുള്ള വിവര ശേഖരണം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുതപദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;പദ്ധതിയുടെ പ്രവർത്തനങ്ങൾ യഥാസമയം ആരംഭിക്കാൻ കഴിയാതെ പോയതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജലസുരക്ഷാ പദ്ധതി ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. പ്രസ്തുത പദ്ധതി മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പാണ് വിഭാവന ചെയ്തിരിക്കുന്നത്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

ജലസംഭരണികളുടെ വിസ്തൃതി

140 (2420) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകളും, തടാകങ്ങളും, കുളങ്ങളും ഉൾപ്പടെയുള്ള ജലസംഭരണികളുടെ വിസ്തൃതി, ആഴം, വേനൽക്കാലത്തും മഴക്കാലത്തുമുള്ള ജലവിസ്തൃതി അളവ് എന്നിവ കണ്ടെത്തുന്നതിനുള്ള സർവ്വെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;